# നീര അടുത്ത മാസം വിപണിയിൽ

തിരുവനന്തപുരം: കേരകർഷകരുടെ സംരക്ഷണാർത്ഥം ആവിഷ്കരിച്ചിട്ടുള്ള നീര ഏപ്രിൽ അവസാനവാരത്തോടെ പാലക്കാട് മുതലമട ഫെഡറേഷനിൽ നിന്നും പുറത്തിറക്കും. ആറു കോടി രൂപ മൂലധന നിക്ഷേപം പ്രതീക്ഷിക്കുന്ന, പ്രതിദിനം 10,000 ലിറ്റർ നീര സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റിന്റെ നിർമാണത്തോടുകൂടി നീരയുടെ പൂർണതോതിലുള്ള സംസ്കരണം സാധ്യമാകും. 2014 ഏപ്രിൽ ഒന്നു മുതലാണ് നീരയുൽപാദനത്തിന് ലൈസൻസ് ലഭിച്ചിട്ടുള്ളത്. നീര ചെത്താനുള്ള 1500 തെങ്ങുകൾ കണ്ടെത്തുകയും അതിന്റെ വിശദാംശങ്ങൾ എക്സൈസ് വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. വകുപ്പധികൃതർ തെങ്ങുകൾ അടയാളപ്പെടുത്തുന്നതോട് കൂടി നീരയുൽപാദനം ആരംഭിക്കും. കൂടാതെ നീര ടെക്നീഷ്യന്മാരാകാൻ താൽപര്യമുള്ള പരമ്പരാഗത തെങ്ങു ചെത്തു തൊഴിലാളികളിൽ നിന്ന് കമ്പനി അപേക്ഷ ക്ഷണിച്ചപ്രകാരം 130 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 100 പേരുടെ ആദ്യബാച്ചിന്റെ പരിശീലനം ഈ മാസം മംഗലാപുരത്തുള്ള കർണാടക ഹോർട്ടികൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ നീര പ്ലാന്റിൽ സംഘടിപ്പിക്കുന്നതാണ്. പാലക്കാട് കമ്പനി കർണാടകത്തിലെ നീര പ്ലാന്റ് ഏറ്റെടുത്ത് നിരയുൽപാദിപ്പിക്കുന്നതിന് ധാരണയായി. ഈ പ്ലാന്റിലെ പ്രവർത്തനത്തിന് കമ്പനിയുടെ മുതലമടയിലെ നീര ഉൽപ്പാദനം മുതൽക്കൂട്ടാകുമെന്ന് കരുതുന്നു. ടെക്നീഷ്യന്മാർ പരിശീലനം നേടി തിരിച്ചെത്തിയാലുടൻ നീര ടാപ്പിംഗ് ആരംഭിക്കും. ഇതിനോടകം എക്സൈസ് വകുപ്പ് തെങ്ങുകൾ മാർക്കു ചെയ്തു നൽകും എന്ന പ്രതീക്ഷയിലാണ് കമ്പനി.

സംസ്കരണ പ്ലാന്റിന്റെ നിർമാണം പൂർത്തിയാകും വരെ വൈറ്റില ഹബ്, ഇൻഫോ പാർക്ക്, സിവിൽ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കിയോസ്ക്കുകളിൽ ജ്യൂസ് വെൻഡിംഗ് മെഷീൻ സ്ഥാപിച്ച് നീര വിറ്റഴിക്കാനാണ് കമ്പനിയുടെ തീരുമാനം.